പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1510 06-03-2017-ലെ മറുപടിയ്ക്ക്

**കർഷകർ നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.കൃഷ്ണൻകുട്ടി<br>ശ്രീ. സി.കെ.നാണു<br>ശ്രീ. കെ.ബി.ഗണേഷ് കുമാർ<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നോട്ട് നിരോധനത്തിന്റെ ഫലമായി കർഷകർക്കുണ്ടായിട്ടുള്ള നഷ്ടങ്ങളുടെ വിവരങ്ങൾ വിശദമാക്കാമോ; | (എ) | ആധികാരികമായി കണക്കാക്കിയിട്ടില്ല. |
| (ബി) | കൃഷിക്കാർക്ക് വേണ്ടിയുള്ള വിവിധ തരത്തിലുള്ള നിർദ്ദേശങ്ങൾ, ആനുകൂല്യങ്ങൾ, സഹായങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ മൊബൈൽ ആപ്പിലൂടെ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത വിവരങ്ങൾ വിശദമാക്കാമോ; | (ബി) | കാർഷിക വിവര സങ്കേതം ഒരു വിരൽതുമ്പിൽ പദ്ധതിയുടെ ഭാഗമായി 'കാർഷിക വിവര സങ്കേതം', 'ഇ-വിപണി' എന്നീ മൊബൈൽ ആപ്ലിക്കേഷനുകൾ www.krishi.info, Google playstore എന്നിവയിലൂടെ നൽകുന്നുണ്ട്. ഇതുവഴി കർഷകർക്ക് വിവിധ തരത്തിലുള്ള കാർഷിക നിർദ്ദേശങ്ങൾ, ആനുകൂല്യങ്ങൾ, സഹായങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകി വരുന്നു. 'ഇ-വിപണി'മൊബൈൽ ആപ്ലിക്കേഷൻ വഴി കർഷകർക്ക് വിൽക്കുവാനുള്ള കാർഷികോല്പന്നങ്ങളെക്കുറിച്ച് കർഷകരെ അറിയിക്കുവാനും പരസ്പരം പോസ്റ്റ് ചെയ്യുവാനും സാധിക്കുന്നു. എന്നാൽ ഇത്തരം സൗകര്യങ്ങൾ ഉദ്ദേശിക്കുന്ന തോതിൽ കർഷകരിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതിനുള്ള ഊർജ്ജിത പരിശ്രമം നടന്നു വരുന്നു. |
| (സി) | കാർഷിക ഗവേഷണ കേന്ദ്രങ്ങളുടെ കഴിഞ്ഞ 5 വർഷത്തെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | കർഷകർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുവാൻ ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ